# 13 -ാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5495 01/07/2014 - ൽ മറുപടിയ്ക്ക്**

## ഗിരിവികാസ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ജോസഫ് വാഴക്കൻ | | കുമാരി. പി. കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ) പട്ടികവർഗ്ഗ മേഖലകളിൽ ഗിരിവികാസ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;<br><br>(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത് ; വിശദമാക്കുമോ; | (എ)<br>(ബി)<br>(സി) | ഉണ്ട്.<br>എസ്.എസ്.എൽ.സി , +2 പരീക്ഷകൾക്കു പരാജയപ്പെട്ട പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു താമസ ഭക്ഷണ സൗകര്യത്തോടുകൂടി പരിശീലനം നല്കി ടി പരിക്ഷയ്ക്ക് വിജയികളാക്കുക, കുട്ടികളിൽ ശുചിത്വം, കഠിനാദ്ധ്വാനം, അച്ചടക്കം എന്നിവയുടെ മഹത്വം മനസ്സിലാക്കി കൊടുക്കുക, തൊഴിൽ സാദ്ധ്യതകളെക്കുറിച്ചുള്ള അവബോധമുണ്ടാക്കുക എന്ന ലക്ഷ്യങ്ങളോടെയാണ് ഗിരിവികാസ് പദ്ധതി നടപ്പിലാക്കി വരുന്നത്. 1993-94 വർഷം മുതൽ പാലക്കട് ജില്ലയിലാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നെഹ്റുയുവകേന്ദ്രയുമായി സഹകരിച്ചാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) | 2014,-15 വർഷം 50 കുട്ടികൾക്കായി 28,20,000/- രൂപ ചെലവിൽ പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. പാലക്കാട് ജില്ലാകളക്ടർ അദ്ധ്യക്ഷനായ ഡിസ്ട്രിക് അഡ്വൈസറി കമ്മിറ്റി ഓൺ യൂത്ത് പ്രോഗ്രാംസ് (DACYP) മേൽനോട്ടം വഹിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ